# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3101 13.03.2018 ൽ മറുപടിയ്ക്ക്**

**വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.കെ. ബാബു | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | വാഹനങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിന് നിലവിൽ വ്യവസ്ഥകളൊന്നും ഇല്ല. |
| (ബി) | മതിയായ രേഖകൾ ഇല്ലാതെ ഓടുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മൊബൈൽ എൻഫോഴ്സ്മെന്റ് നടത്തുന്ന വാഹന പരിശോധനയിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന വാഹന പരിശോധനയിലും ഇത്തരം നിയമലംഘനം നടത്തിയ വാഹനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കാറുണ്ട്. |
| (സി) | വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ ബസ്സുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ ലോറികളിലും ടാക്സി കാറുകളിലും വേഗപ്പൂട്ട് നിർബന്ധമാക്കിയിട്ടുണ്ട്. ജില്ലാ തലങ്ങളിൽ സ്പീഡ് ട്രേസർ ഉപയോഗിച്ചും മേഖലാ തലത്തിൽ അത്യന്താധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയ പാതയിൽ ചേർത്തല മുതൽ മഞ്ചേശ്വരം വരെ 154 ക്യാമറാ നിരീക്ഷണ സംവിധാനങ്ങളും കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, കോട്ടയം, എറണാകുളം, കൊല്ലം എന്നിവിടങ്ങളിലായി 47 ക്യാമറാ നിരീക്ഷണ സംവിധാനങ്ങളും സ്ഥാപിച്ചു. അമിത വേഗത്തിലും അലക്ഷ്യമായും വാഹനമോടിക്കുന്നവരെ പിടികൂടുന്നതിനും പിഴ ചുമത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ